# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.771 30.01.2019 -ലെ മറുപടിക്ക്**

**<u>പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വർക്കുള്ള പുനരധിവാസ പദ്ധതികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ; | (എ) | പ്രളയത്തിൽ വീട് തകർന്ന പട്ടികജാതി വിഭാഗക്കാർക്ക് വീട് പുന:നിർമ്മിക്കുന്നതിനായി വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ അനുവദിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ 9 പേർക്ക് വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം പുന:നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ടിയാൾക്കാർ ഒന്നാം ഗഡു കൈപ്പറ്റി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.<br>മണ്ഡലത്തിൽ പ്രളയത്തിൽ വീട് തകർന്ന പട്ടികവർഗ്ഗക്കാർ ഇല്ല. |
| (ബി) | ചെങ്ങന്നൂർ നിവാസികളുടെ ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | പ്രളയത്തിൽ തകർന്ന് വാസയോഗ്യമല്ലാതായ വീടുകൾ പുന:നിർമ്മിക്കുന്നതിനായി ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്ന് 48 അപേക്ഷകൾ പട്ടികജാതി വികസന വകുപ്പിൽ ലഭ്യമായിട്ടുണ്ട്. |
| (സി) | എത്ര പേർക്ക് വീടുകൾ നൽകിയിട്ടുണ്ടെന്നും ഇനി അനുവദിക്കേണ്ട വീടുകൾ എത്രയെന്നും അറിയിക്കുമോ? | (സി) | ലഭ്യമായ 48 അപേക്ഷകളിൽ 9 പേർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 39 പേർക്ക് റവന്യൂ വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ